**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3762** | **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പിന് പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ് 2020 കാലയളവിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2020 കാലയളവിൽ 181 പട്ടികജാതി ഗവേഷക വിദ്യാർത്ഥികൾക്ക് 33101582/-രൂപ ഫെലോഷിപ്പായി അനുവദിച്ചിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷത്തിൽ 16 പട്ടികവർഗ ഗവേഷക വിദ്യാർത്ഥികൾക്കും ഫെലോഷിപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത ഫെല്ലോഷിപ്പിന് മുപ്പത്തിയാറ് വയസ്സ് പ്രായപരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ പ്രായപരിധി കഴിഞ്ഞ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നിഷേധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് സ.ഉ(പി)നം.50/2009/ പജപവവിവ തീയതി 02.07.2009-ലെ നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് യു.ജി.സി ഫെലോഷിപ്പ് അനുവദിക്കുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഉണ്ടെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ പി. എച്ച്. ഡി. ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പിനുവേണ്ടി ഉയർന്ന പ്രായപരിധി നിശ്ചയിക്കുകയോ പ്രായപരിധി ഇല്ലാതാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് സ.ഉ(പി)നം.50/2009/ പജപവവിവ തീയതി 02.07.2009-ലെ നിബന്ധനകൾക്ക് വിധേയമായാണ് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ, ഗവേഷക വിദ്യാർത്ഥികൾക്ക് JRF ടെസ്റ്റിന് അപേക്ഷിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് യു.ജി.സി ഉയർന്ന പ്രായപരിധി 33 വയസ്സായി നിശ്ചയിച്ച് |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഗവേഷണ ബിരുദം നേടിയശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കാനിടയുള്ള തൊഴിൽ, പദവി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് യു.ജി.സി ഫെലോഷിപ്പ് അനുവദിക്കുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ